**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**2019-ജൂലൈ 1, തിങ്കൾ**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യങ്ങൾ**
**-1.07.2019-ന് മറുപടി നൽകേണ്ടത്**

**ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ**

| | ചോദ്യം -നം.5312 | മറുപടി |
|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ.റ്റി.എം.തോമസ് ഐസക്** (ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ | ബിവേറജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയിലേക്ക് പ്രസ്തുത സ്ഥാപനത്തിൽ മറ്റ് തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർക്ക് പ്രമോഷൻ നൽകി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | കെ.എസ്.ബി.സിയിലെ നിലവിലെ സർവ്വീസ് റൂൾ പ്രകാരം അസിസ്റ്റന്റ് ഗ്രേഡ് 11/അസിസ്റ്റന്റ് ഗ്രേഡ് 1/ എന്നീ തസ്തികകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് BA/BSc/B.Com യോഗ്യതയുടെയോ അല്ലെങ്കിൽ എതെങ്കിലും യോഗ്യതയുടെയോ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന സ്ഥാനകയറ്റത്തിന് അർഹതയുണ്ട്. ടി ജീവനക്കാരുടെ അഭാവത്തിൽ BA/BSc/B.Com യോഗ്യതയുടെയോ അല്ലെങ്കിൽ എതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ മൂന്നു വർഷത്തെ ബിരുദ യോഗ്യതയുടെയും കൂടാതെ കമ്പനീസ് ആക്ട് പ്രകാരം പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ അംഗീകൃത വ്യവസായ സ്ഥാപനത്തിൽ നിന്നോ ലഭിച്ച കംപ്യൂട്ടർ പ്രോഗ്രാമിങ്ങിലും കമ്പ്യൂട്ടർ ഓപ്പറേഷനിലും നേടുന്ന 3 വർഷത്തെ പ്രവർത്തി പരിചയത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനത്തിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ബി.സിയിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന മേൽ പ്പറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ള ആരും തന്നെ ഇത്തരത്തിൽ ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിക്കുന്നതിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടില്ല. |

| | | |
|---|---|---|
| ബി | ഇതിനായി കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 21/08/2013 തീയതിയിലെ AIII (I)1298/95/CW (2) നമ്പർ കത്ത് പ്രകാരം കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ യോഗ്യത നിലവിലുള്ള കെ.എസ്.ബി.സി സർവ്വീസ് റൂൾ പ്രകാരമുള്ള 3 വർഷത്തെ പരിചയ യോഗ്യതയ്ക്ക് പകരം വ്യക്തമായ കമ്പ്യൂട്ടർ യോഗ്യതകളായ DCA, PGDCA ഇവയിൽ അനുയോജ്യമായ യോഗ്യത നിഷ്കർഷിച്ചുകൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. നിലവിൽ പ്രസ്തുത തസ്തികയിൽ ലഭ്യമായ എല്ലാ ഒഴിവുകളും (42 എണ്ണം)പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ നിലവിലുള്ള യോഗ്യത ഭേദഗതി ചെയ്ത് ഉത്തരവായിട്ടില്ല. ഈ സാഹചര്യത്തിൽ പി.എസ്.സി. നിലവിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതാണ്. |
| സി | ഇക്കാര്യത്തിനായി നികുതി വകുപ്പിൽ നിന്നും പി.എസ്.സി.യുടെ ഉപദേശത്തിനായി കത്ത് (എ 3/6/2019/ടാക്സസ്)നല്കിയിട്ടുണ്ടോ; എങ്കിൽ പി.എസ്.സി.യുടെ ഉപദേശമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | |
| ഡി | പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്ററിൽ നിന്നും നിയമനം നടത്താതെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് വകുപ്പുതല പ്രമോഷൻ വഴി നിയമനം നടത്തുന്നത് ഏത് സാഹചര്യത്തിലാണ്; അത് പുനഃപരിശോധിക്കുമോ? | |

**അക്കൗണ്ട്സ് ഓഫീസർ**